# എൽ.എസ്.എസ്. പരീക്ഷ ഫെബ്രുവരി - 2018
## പരിസര പഠനം
## (പേപ്പർ - II) (പാർട്ട് - എ)

**ആകെ സ്കോർ : 20**

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് പരിസരപഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനുനേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

1. ബോക്സിൽ കൊടുത്തിരിക്കുന്ന ഇലകളുടെ പ്രത്യേകതകൾ പരിശോധിക്കുക.

(a) പൊതു സ്വഭാവത്തിനനുസരിച്ച് ഇലകളെ പട്ടികപ്പെടുത്തുക. **(സ്കോർ 2)**

| |
|---|
| മുളയില, തേക്കില, തെങ്ങോല, പ്ലാവില, കൊന്നയില, പനയോല, നെല്ലോല, മാവില |

| (വിഭാഗം A)<br>........................................ | (വിഭാഗം B)<br>........................................ |
|---|---|
| | |


(b) പട്ടികയിലെ ഏത് ചെടിയുടെയും വേര്, വിത്ത് എന്നിവയുടെ സവിശേഷതകൾ ചെടി കാണാതെ തന്നെ അരുണിനു പറയാൻ കഴിയും. അരുൺ പറയുന്നത് ഏതടിസ്ഥാനത്തിലാണെന്ന് മുകളിലെ കോളത്തിലെ ചെടികൾ ഉദാഹരണമാ- യെടുത്ത് വിശദമാക്കുക. **(സ്കോർ 2)**

| ചെടി | | വേര് | വിത്ത് |
|---|---|---|---|
| കോളം - A | | | |
| കോളം - B | | | |

(c) വിത്തു മുളക്കുമ്പോൾ വേരായി വളരുന്ന ഭാഗത്തിന്റെ പേര് എഴുതുക. **(സ്കോർ 1)**

| |
|---|
| ഉത്തരം : |

2. ആനറ പഞ്ചായത്തിന്റെ രേഖാചിത്രവും ചില സവിശേഷതകളുമാണ് ചുവടെ കൊടുത്തിരിക്കുന്നത്.




- പടിഞ്ഞാറു ഭാഗത്തേക്ക് ചരിഞ്ഞാണ് ഭൂമിയുടെ കിടപ്പ്
- ഒന്ന്, രണ്ട് വാർഡുകളാണ് ഏറ്റവും ഉയർന്ന പ്രദേശങ്ങൾ
- നാലാം വാർഡിലാണ് ഏറ്റവും കൂടുതൽ ജനവാസവും മികച്ച ഗതാഗത സൗകര്യവുമുള്ളത്.

(a) അഞ്ചാം വാർഡിൽ എത്തിയ ഒരു വിനോദസഞ്ചാരിക്ക് പത്ത്, പതിനൊന്ന് വാർഡുകളുമായി അതിർത്തി പങ്ക് വെക്കുന്ന സമീപ പഞ്ചായത്തിലെത്തിച്ചേരാൻ ഏത് ദിശയിലേക്കാണ് യാത്ര ചെയ്യേണ്ടത് ? **(സ്കോർ 1)**

ഉത്തരം :

(b) നെൽകൃഷിക്ക് ഏറ്റവും അനുയോജ്യമായ വാർഡുകൾ ഏതൊക്കെ ? കാരണമെന്ത് ? **(സ്കോർ 2)**

ഉത്തരം :

(c) മൂന്നാം വാർഡിന്റെ പ്രത്യേകതകൾ എന്തെല്ലാം ? ഈ വാർഡിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് നിങ്ങൾക്ക് ഗ്രാമ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപെടുത്താനുള്ളത് ? (സ്കോർ 2)

ഉത്തരം :

മൂന്നാം വാർഡിന്റെ പ്രത്യേകതകൾ :

ഗ്രാമ പഞ്ചായത്ത് അധികൃതർക്കുള്ള നിർദ്ദേശങ്ങൾ :

3. ചുവടെ കൊടുത്തിരിക്കുന്നവയിൽ നാടൻ കലകൾ മാത്രമുള്ള ജോഡി ഏത് ? (സ്കോർ 1)

(A) കഥകളി – കുമ്മാട്ടി
(B) പടയണി – ഭരതനാട്യം
(C) മോഹിനിയാട്ടം – കഥകളി
(D) തെയ്യം – പടയണി

ഉത്തരം :

4. നീർക്കോലിയുടെ ശരീരത്തിലെ ശൽക്കങ്ങൾ കൊണ്ടുള്ള അനുകൂലനം എന്ത് ? (സ്കോർ 1)

(A) ജലത്തിലൂടെ നീന്തുന്നതിന്
(B) ഇര പിടിക്കുന്നതിന്
(C) കരയിൽ ഇഴഞ്ഞു നീങ്ങുന്നതിന്
(D) ജലത്തിൽ ശ്വസിക്കുന്നതിന്

ഉത്തരം :

5. സ്വാതിതിരുനാൾ പ്രശസ്തനായിരുന്നത് : (സ്കോർ 1)

(A) അഭിനയകല
(B) ചിത്രകല
(C) സംഗീതകല
(D) നാട്യകല

ഉത്തരം :

6. പക്ഷികളുടെ കൂടിനെ സംബന്ധിച്ച് തന്നിരിക്കുന്ന സൂചന പരിശോധിച്ച് ശരിയായ ക്രമത്തിലുള്ളത് കണ്ടെത്തി എഴുതുക. **(സ്കോർ 1)**

| മരപ്പൊത്തുകൾ – മരക്കൊമ്പുകൾ – കെട്ടിടങ്ങൾ |
|---|

(A) മരം കൊത്തി – കുരുവി – കാക്ക

(B) മരം കൊത്തി – കാക്ക – കുരുവി

(C) കാക്ക – മരം കൊത്തി – കുരുവി

(D) കുരുവി – മരം കൊത്തി – കാക്ക

ഉത്തരം :

7. ചുവടെ കൊടുത്തിരിക്കുന്നവയിൽ ബന്ധമില്ലാത്ത ജോഡി ഏത് ? **(സ്കോർ 1)**

(A) ദേശീയ മൃഗം – ആന

(B) ദേശീയ ഗീതം – ബങ്കിം ചന്ദ്രചാറ്റർജി

(C) ദേശീയ പതാക – പിങ്കളി വെങ്കയ്യ

(D) ദേശീയ പഴം – മാങ്ങ

ഉത്തരം :

8. റഫ്രിജറേറ്ററിൽ നിന്നും പുറത്തെടുത്ത വെള്ളക്കുപ്പിയുടെ പുറം ഭാഗത്ത് അൽപ്പസമയത്തിനുള്ളിൽ വെള്ളത്തുള്ളികൾ പ്രത്യക്ഷപ്പെടുന്നതിന് കാരണം എന്ത്? **(സ്കോർ 1)**

ഉത്തരം :

9. ഉപ്പുനികുതി നിയമലംഘനവുമായി ബന്ധപ്പെട്ട കേരളത്തിലെ സമരത്തിന് നേതൃത്വം നൽകിയ സ്വാതന്ത്ര്യസമര സേനാനി : **(സ്കോർ 1)**

ഉത്തരം :

10. താഴെ പറയുന്ന പ്രത്യേകതകളുമായി ബന്ധപ്പെട്ട സമരമേത് ? (സ്കോർ 1)


- ഗാന്ധിജിയുടെ ആദ്യത്തെ സത്യാഗ്രഹസമരം
- കർഷക ദുരിതം പരിഹരിച്ചു
- തോട്ടമുടമകൾക്കെതിരെയുള്ള സമരം

ഉത്തരം :

11. മേൽവിലാസക്കാർക്ക് കത്തുകൾ എത്തിക്കുന്നതിന് മണി കിലുക്കിയോടിയിരുന്ന പണ്ട് കാലത്തെ തപാൽ ജീവനക്കാരൻ : (സ്കോർ 1)

ഉത്തരം :

12. ചിത്രീകരണത്തിൽ സൂചിപ്പിച്ചിരിക്കുന്ന ദിവസത്തിന്റെ പ്രത്യേകത എന്ത് ? (സ്കോർ 1)




ഉത്തരം :

എൽ.എസ്.എസ്. പരീക്ഷ ഫെബ്രുവരി - 2018

പേപ്പർ - II (പാർട്ട് - ബി)

ഗണിതം

ആകെ സ്കോർ : 20

എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.


- **13** മുതൽ **24** വരെയുള്ള ചോദ്യങ്ങളാണ് ഗണിതത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**13.** ഫുട്ബോൾ മത്സരം കാണാൻ ആകെ 1701 സീറ്റുകളാണ് ഉള്ളത്. ഇതിൽ 8 ബ്ലോക്കുകളിലായി 792 കസേരകളും ബാക്കി ബാൽക്കണി സീറ്റുകളുമാണ് ഉള്ളത്. സീറ്റ് ഒന്നിന്, കസേരയ്ക്ക് 325 രൂപയും, ബാൽക്കണി സീറ്റിന് 205 രൂപയുമാണ് ടിക്കറ്റ് നിരക്ക്. എല്ലാ ടിക്കറ്റുകളും വിറ്റഴിച്ചു.

(a) മത്സരത്തിൽ നിന്ന് ആകെ എത്ര രൂപ ലഭിച്ചു ? **(സ്കോർ 4)**

(b) ഒരു ബ്ലോക്കിൽ എത്ര കസേരകളുണ്ട് ? **(സ്കോർ 1)**

**14.** ചിത്രം ശ്രദ്ധിക്കൂ.




(a) ഈ ചതുരത്തിന്റെ ചുറ്റളവ് എത്ര ? **(സ്കോർ 1)**

(b) ഇതേ ചുറ്റളവുള്ള ഒരു സമചതുരത്തിന്റെ ഒരു വശം എത്ര സെ.മീ. ആയിരിക്കും ?

(സ്കോർ 1)

(c) ഈ ചതുരത്തിൽ നിന്ന് 3 സെ.മീ. വശമുള്ള എത്ര സമചതുരങ്ങൾ മുറിച്ചെടുക്കാം ?

(സ്കോർ 1)

(d) ഈ ചതുരത്തിന്റെ നീളം ഇരട്ടിയും, വീതി പകുതിയും ആയാൽ ആദ്യത്തെ ചുറ്റളവുമായുള്ള വ്യത്യാസമെത്ര ?

(സ്കോർ 2)

15. തുടർച്ചയായി നമ്പറുള്ള 102 ലോട്ടറി ടിക്കറ്റുകളിൽ ആദ്യത്തെ നമ്പർ 339500 ആണെങ്കിൽ അവസാനത്തെ നമ്പർ എത്ര ?


(സ്കോർ 1)

16. മനു 13 കിലോഗ്രാം തേങ്ങ വിറ്റ് 3 കിലോഗ്രാം അരി വാങ്ങി. എന്നാൽ 24 കിലോഗ്രാം അരി വാങ്ങാൻ എത്ര കിലോഗ്രാം തേങ്ങ വിൽക്കണം ?

(സ്കോർ 1)

17. 1, 3, 7, 15, 31....... ഈ ശ്രേണിയിലെ പത്താമത്തെ സംഖ്യയേത് ? (സ്കോർ 1)

18. ചിത്രത്തിൽ പൂവ് ഉൾപ്പെടുന്ന എത്ര ത്രികോണങ്ങളുണ്ട് ? (സ്കോർ 1)



19. ഒരു പപ്പായയുടെ വില 14 രൂപയും, ആപ്പിളിന്റേത് 12 രൂപയുമാണ്. രണ്ടും കൂടി 92 രൂപയ്ക്ക് വാങ്ങി. ഇതിൽ എത്ര ആപ്പിളുകൾ ഉണ്ടായിരിക്കും ? (സ്കോർ 1)

20. ആഗസ്റ്റ് 1ാം തിയതി ശനിയാഴ്ചയും 31ാം തിയതി തിങ്കളാഴ്ചയും ആണെങ്കിൽ ഈ മാസം എത്ര ഞായറാഴ്ചകൾ ഉണ്ടായിരിക്കും ? (സ്കോർ 1)

21. 840 -നെക്കാൾ എത്ര കുറവാണ് $9 \times 84$ ? (സ്കോർ 1)

22. അടുത്തതാര് ? (സ്കോർ 1)

- 16, 64, 256
- 25, 100, 400
- 36, 144, 576
- ......, ......, ......

(a) 49, 196, 441
(b) 49, 144, 625
(c) 49, 256, 676
(d) 49, 196, 784

23. 5408 -ന് തുല്യമായത് ഏത് ? (സ്കോർ 1)

(a) 1407-ന്റെ 4 മടങ്ങ്

(b) 3408-ന്റെ കൂടെ $286 \times 10$ കൂട്ടിയത്

(c) 8750 -ൽ നിന്ന് 2432 കുറച്ചത്

(d) 256 -നെ 8 കൊണ്ട് ഹരിച്ച് 169 കൊണ്ട് ഗുണിച്ചത്

24. തുടർച്ചയായ 3 നാലക്ക സംഖ്യകളുടെ തുക ഒരു ഒറ്റ സംഖ്യയാണ്. താഴെ കൊടുത്തവയിൽ ഏതായിരിക്കും നാലക്ക സംഖ്യകളിലെ ആദ്യ സംഖ്യ ? (സ്കോർ 1)

(a) 5409 (b) 5401 (c) 4399 (d) 4400

- o O o -